(സി) ഓഫീസ് സ്റ്റാഫ് ഉൾപ്പെടെ 1/3 പേർക്ക് 50% ആനുകൂല്യങ്ങൾ നൽകുവാൻ ബാക്കിയുണ്ട്.

(ഡി) നേരിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളാണ് നൽകാൻ ബാക്കിയുള്ളത്. ഈ സാഹചര്യത്തിൽ റവന്യു റിക്കവറി തുടങ്ങിയ നിയമ നടപടികൾ എടുക്കാൻ കഴിയുകയില്ല എന്നതിനാൽ ലേബർ കോടതിയിൽ തൊഴിൽ തർക്ക നിയമം 33 (സി) (2) വകുപ്പ് പ്രകാരമുള്ള ഹർജി ഫയൽ ചെയ്യുവാൻ ബന്ധപ്പെട്ട യൂണിയനുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) എത്രയും പെട്ടെന്ന് ആനുകൂല്യങ്ങൾ നൽകുവാൻ കണ്ണൂർ ജില്ലാ ലേബർ ഓഫീസർ മിൽ മാനേജ്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ**

**160 (6332)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും പിരിഞ്ഞു പോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയായി എത്ര രൂപയാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ സഹായം അനുവദിക്കണം എന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ടോ ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും സംഖ്യ അനുവദിച്ചിരുന്നുവോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാൻ എത്ര സംഖ്യയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഇ) നിലവിലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് സഹായം നൽകുവാൻ സർക്കാർ സന്നദ്ധമാവുമോ ?

ഉത്തരം

(എ) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും പിരിഞ്ഞു പോയ തൊഴിലാളികൾക്ക് 86,91,569 രൂപ ഗ്രാറ്റുവിറ്റി കുടിശ്ശികയായി നൽകാനുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 231 വകയിരുത്തൽ രൂപ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly